**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1664** **02-02-2024 - ൽ മറുപടിയ്ക്ക്**

**നെൽക്കൃഷി വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽക്കൃഷി വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, വിവിധ നെൽകൃഷി വികസന ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിങ്ങനെയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.**<br><br>**സംസ്ഥാനത്ത് നെൽകൃഷി വിപുലീകരി ക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി *നെൽകൃഷി വികസന പദ്ധതിയിൽ* ഉൾപ്പെടുത്തി നടപ്പിലാക്കിയ ഘടകങ്ങളും കൈവരിച്ച നേട്ടങ്ങളും *അനുബന്ധം- I* ആയി ചേർക്കുന്നു. കൂടാതെ , നെല്ലിന്റെ ഉത്പാദന ബോണസ്സായി ഓരോ സീസണിലും നെൽകൃഷിയ്ക്ക് ഹെക്ടറൊന്നിനു 1000/- രൂപ നൽകുന്നു. നെൽകൃഷിയ്ക്ക് ആവശ്യമായ *ജലസേചനത്തിനുള്ള വൈദ്യുതി* ഭൂപരിധിയില്ലാതെ, സൗജന്യമായി നൽകുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന *സംഭരിക്കുകയും* ചെയ്യുന്നു.**<br><br>**കേന്ദ്രാവിഷ്കൃത പദ്ധതിയായ *രാഷ്ട്രീയ കൃഷി വികാസ് യോജന*യിലെ*Productivity Improvement of Paddy in Kerala* എന്ന ഘടകത്തിൽ 2021-22 വർഷത്തിൽ ആലപ്പുഴ ജില്ലയിൽ 29000 ഹെക്ടറിൽ ഉൽപ്പാദനോപാധികൾക്കായി ഹെക്ടർ ഒന്നിന് 4500/- രൂപ പ്രകാരം ധനസഹായം നൽകുകയും നെല്ലിന്റെ മൂല്യവർദ്ധനവിനായി 10 മിനി റൈസ് മിൽ, 3 സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുകയും** |

| | | | |
|---|---|---|---|
| | | | **ചെയ്തു. ആകെ 623.86805 ലക്ഷം രൂപ കർഷർക്ക് ലഭ്യമായി.**<br><br>**ദേശിയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല്) പാലക്കാട് ജില്ലയിൽ നടപ്പിലാക്കി. പ്രദർശന പ്ലോട്ടുകൾ, സെർട്ടിഫൈഡ് വിത്തുത്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവനെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി 2021-22 വർഷത്തിൽ 86.33 ലക്ഷം രൂപയും 2022-23 വർഷത്തിൽ 22.09 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, കേന്ദ്ര സർക്കാർ അംഗീകരിച്ച 53.70 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാനിൽ 2023-24 വർഷത്തിൽ അനുവദിച്ച 13.42 ലക്ഷം രൂപയിൽ 13.01384 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്.**<br><br>**ഇതിനു പുറമെ *പ്രകൃതിക്ഷോഭം മൂലം* നെൽകൃഷിയ്ക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കുവാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നു. കൂടാതെ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 13500/- രൂപ നിരക്കിലും വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 15000/-രൂപയും 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 35000/-രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്.** |
| (ബി) | ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷിക മേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ***"ഞങ്ങളും കൃഷിയിലേക്ക്"*** എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഉല്പാദനം, സേവനം, മൂല്യവർദ്ധനവ് , വിപണി എന്നീ മേഖലകളിലായി 23245 ***കൃഷിക്കൂട്ടങ്ങൾ*** രൂപീകരിക്കുകയുണ്ടായി .<br><br>കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുന്നതിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം തൊട്ട് നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാധിഷ്ഠിതാസൂത്രണ വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ, കർഷകരുടെ |

വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള- കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും ***കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ)*** വികസന സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നു.

***വിള വിസ്തൃതി വർദ്ധനവും വികസനവും*** ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകി വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ ഇതിനായി ആകെ 284.02 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

***നെൽകൃഷി വികസന പദ്ധതിയു***ടെ ഭാഗമായി മണ്ണിലെ അമ്ലത പരിഹരിക്കുന്നതിന് ഹെക്ടറിന് 5400 രൂപ നിരക്കിൽ ആനുകൂല്യവും , സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 5500 രൂപയും, പാടശേഖര സമിതികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് ആനുകൂല്യം, തരിശുനിലങ്ങൾ കൃഷിയോഗ്യം ആക്കുന്നതിന് ഹെക്ടറിന് 40000 രൂപ, നെൽവയൽ ഉടമകൾക്ക് ഹെക്ടറിന് 3000 രൂപ നിരക്കിൽ പാഡി റോയൽറ്റി , നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ സൗജന്യ വൈദ്യുതി, ഹെക്ടറിന് 1000 രൂപ നിരക്കിൽ ഉത്പാദന ബോണസ് എന്നിവ നൽകി വരുന്നു. ഇതിനു പുറമെ കിലോഗ്രാമിന് 28.20/- രൂപ നിരക്കിൽ നെല്ല് സംഭരണം നടത്തുന്നു.

***പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന*** തിലേക്കായി 2023-24 വർഷത്തിൽ 20 ലക്ഷം സങ്കരയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ, ബഹുജന മാധ്യമങ്ങൾ വഴി 5 ലക്ഷം വിത്തു പായ്ക്കറ്റുകൾ, കർഷകർ, കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ മുഖാന്തിരം 50 ലക്ഷം വിത്ത് പായ്ക്കറ്റുകൾ, 1 .086 കോടി പ്രോട്രേ പച്ചക്കറി തൈകൾ എന്നിവ വിതരണം നടത്തുന്നു. ഇതിനു പുറമെ വ്യാവസായിക

അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകർക്ക് പന്തൽ ഇനങ്ങൾക്ക് ഹെക്ടറിന് 25,000/- രൂപാ നിരക്കിലും, നിലത്തു കൃഷി ചെയ്യുന്ന ഇനങ്ങൾക്ക് ഹെക്ടറിന് 20,000/- രൂപാ നിരക്കിലും, ***മഴമറയിൽ*** കൃഷി ചെയ്യുന്ന കർഷകർക്ക് $100m^2$ ന് 50,000/- രൂപാ എന്ന നിരക്കിലും, ഗാർഹിക കൃഷി ചെയ്യുന്ന കർഷകർക്ക് 25 ചെടിച്ചട്ടി അടങ്ങുന്ന ഒരു യൂണിറ്റിന് 3750/- രൂപ എന്ന നിരക്കിലും ധനസഹായം ലഭ്യമാണ്. ***"അർക്ക" വെർട്ടിക്കൽ*** എന്ന പ്രത്യേക കൃഷിക്ക് 5000/- രൂപ ഒരു യൂണിറ്റിന് അധിക സഹായവും, ഉറസ്സായ സ്ഥലത്തെ കൃത്യതാകൃഷിക്ക് ഹെക്ടറിന് ഒരു ലക്ഷം രൂപ എന്ന തോതിലും, ഇടുക്കി, വയനാട് ജില്ലകളിൽ ശീതകാല പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 30,000/- രൂപ എന്ന നിരക്കിൽ സബ്സിഡി നൽകി വരുന്നു.

***ഫലവർഗ്ഗ വികസനം*** എന്ന പദ്ധതിയുടെ ഭാഗമായി വിവിധ തരം ഫലവർഗ്ഗവിളകളുടെ തൈകൾ സൗജന്യനിരക്കിൽ വിതരണം ചെയ്തുവരുന്നു. ഇതിനു പുറമെ അത്യുൽപ്പാദന ശേഷിയുള്ള ഫലവർഗ്ഗങ്ങളുടെ ഗ്രാഫുകൾ, ലെയറുകൾ എന്നിവ 75% സബ്സിഡി നിരക്കിലും, ടിഷ്യൂകൾച്ചർ വാഴതൈകൾ 75% സബ്സിഡി നിരക്കിലും വിതരണം ചെയ്യുന്നുണ്ട്. MIDH പദ്ധതികളോടൊപ്പം അവ കർഷകർക്ക് കൂടുതൽ ആകർഷികമാക്കുന്നതിനായി ടോപ് അപ്പ് സബ്സിഡികളും കൂടെ നൽകിവരുന്നുണ്ട്. ഇതിനായി 195 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പഴം പച്ചക്കറികളെ വിലയിടിവിൽ നിന്നും രക്ഷപ്പെടുത്തുന്നതിന് 16 ഇനം പച്ചക്കറികൾക്ക് ***അടിസ്ഥാന വില പദ്ധതി*** നടപ്പിലാക്കി വരുന്നു.

തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന ***കേരരക്ഷാ വാരം പദ്ധതി*** നിലവിൽ നടപ്പിലാക്കിവരുന്നു.

ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കൃഷിഭവനുകളെ ' ***സ്മാർട്ട് കൃഷി ഭവനുകളായി*** പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| | | | നിലവിലെ സാഹചര്യത്തിന്റെ സാങ്കേതിക വിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതികവിദ്യയുടെ മേഖലയിലേക്ക് കേന്ദ്രീകൃത സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം, AIMS പോർട്ടൽ, KSWIFT തുടങ്ങിയ ***വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ*** നടപ്പിലാക്കി.<br><br>കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ **കൃഷിശ്രീ സെന്ററുക**ൾക്ക് തുടക്കമിട്ടു. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവ് മൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.<br><br>***കാർബൺ ന്യൂലിത സംരംഭങ്ങൾ***, കാര്യക്ഷമ മായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജ സ്രോതസ്സുകളുടെ ഉപയോഗം, വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ.<br><br>2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ പട്ടിക ***അനുബന്ധം II*** ആയി ചേർക്കുന്നു. |
| (സി) | നാദാപുരം മണ്ഡലത്തിലെ ഓരോ കൃഷിഭവന്റെ കീഴിലും എത്ര ഹെക്ടറിൽ നെൽക്കൃഷി നടത്തി വരുന്നുണ്ട് എന്നും അതിൽ എത്ര ഹെക്ടർ നെൽവയൽ തരിശുഭൂമിയായി കിടക്കുന്നു എന്നും വിശദമാക്കാമോ; | (സി) | നാദാപുരം മണ്ഡലത്തിലെ ഓരോ കൃഷിഭവന്റെ കീഴിലും നടപ്പിലാക്കി വരുന്ന നെൽകൃഷിയുടെയും തരിശുഭൂമിയുടെയും വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ ***അനുബന്ധം III*** ആയി ചേർക്കുന്നു |
| (ഡി) | നാദാപുരം മണ്ഡലത്തിൽ തരിശുഭൂമിയിൽ നെൽക്കൃഷി ചെയ്യുന്നതിന് നിലവിൽ എന്തൊക്കെ പദ്ധതികൾ നടത്തി വരുന്നു എന്ന് വിശദമാക്കാമോ? | (ഡി) | തരിശ് ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിന് വേണ്ടി കൃഷി വകപ്പിന്റെയും, ജനകീയാസൂത്രണം പദ്ധതികളിലൂടെയും ഹെക്ടറിന് 40000 രൂപ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

# നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഘടകങ്ങളും കൈവരിച്ച നേട്ടങ്ങളും

**1 .** സംസ്ഥാനാവിഷ്കൃത പദ്ധതിയായ "നെൽകൃഷി വികസന പദ്ധതി " യിലെ ഘടകമായ ***സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ*** ഉൾപ്പെടുത്തി നെൽകൃഷിയ്ക്ക് അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് , വളം, ജൈവീക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/-രൂപ നൽകുന്നുണ്ട്. 2021-22 വർഷത്തിൽ 166997 ഹെക്ടറിൽ നെൽകൃഷി നടപ്പിലാക്കിയതിന് 9184.836 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ 67171 .89 ഹെക്ടറിൽ നെൽകൃഷി നടപ്പിലാക്കിയതിന് 3694.454 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ 90909.09 ഹെക്ടറിലേയ്ക്ക് 5000.00 ലക്ഷം രൂപ നീക്കിവച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.

## 2. തരിശു സ്ഥലം കൃഷി

തരിശു സ്ഥലങ്ങൾ കണ്ടെത്തി കൃഷി ചെയ്യിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുവാൻ പരമാവധി സ്ഥലങ്ങൾ കൃഷി ചെയ്യേണ്ടതാണ് എന്ന ബഹു. മുഖ്യമന്ത്രിയുടെ ആഹ്വാനം ഉൾക്കൊണ്ടു കൊണ്ട് ***സുഭിക്ഷ കേരളം പദ്ധതി*** പ്രകാരം വ്യക്തികൾ, ഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ തുടങ്ങി സമസ്ത മേഖലകളിലുള്ളവരെയും ഉൾപ്പെടുത്തി കൃഷി ചെയ്യുകയുണ്ടായി. ഇത്തരത്തിൽ തരിശു സ്ഥലങ്ങളിൽ കൃഷിയിറക്കിയത്തിന്റെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| **വർഷം** | **വിസ്തീർണം ഹെക്ടർ** | **ചെലവാക്കിയ തുക ലക്ഷം രൂപ** |
|---|---|---|
| 2021-22 | 748 .9205 | 299 .5682 |
| 2022-23 | 970.19185 | 318 .32185 |

2023-24 വർഷത്തിൽ 950 ഹെക്ടർ തരിശു ഭൂമിയിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 380.00 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരികയാണ്.

കാലാവസ്ഥാ മാറ്റം, നിയമപരവും നിയമവിരുദ്ധവുമായ നിലം പരിവർത്തനം മുതലായവ കൊണ്ട് ഈ തരിശുഭൂമിയിലെ കൃഷി തുടർന്ന് കൊണ്ടുപോകുവാൻ തടസ്സമുണ്ടാകുന്നത് ഒഴിവാക്കുവാൻ രണ്ടാം വർഷവും മൂന്നാം വർഷവും ധനസഹായം നൽകി കർഷകരെ നെൽകൃഷിയിൽ തന്നെ പിടിച്ചു നിർത്തുകയുണ്ടായി.

## 3. ഒരുപ്പൂ നിലങ്ങളെ ഇരുപ്പൂ നിലങ്ങളായി മാറ്റുക

പ്രാദേശികമായ വിവിധ കാരണങ്ങൾ / പ്രശ്നങ്ങൾ/ തടസ്സങ്ങൾ കൊണ്ട് ഒരുപ്പൂ മാത്രം കൃഷി ചെയ്തിരുന്ന വയലുകളിൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിക്കൊണ്ട് ഇരുപ്പൂ നിലങ്ങളായി മാറ്റുവാൻ വകുപ്പിന് കഴിഞ്ഞു. ഈ സർക്കാർ അധികാരമേറ്റ ശേഷം 2021-22 മുതൽ കൃഷി ഇറക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിസ്തീർണം | ചെലവാക്കിയ തുക ലക്ഷം രൂപ |
|---|---|---|
| 2021-22 | 496 .7 ഹെക്ടർ | 49 .67 |
| 2022-23 | 338 .6 ഹെക്ടർ | 32 .628 |

### 4. നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി

നെൽകൃഷി ചെയ്യുന്നതിന് വയൽ വിട്ടു കൊടുക്കുവാൻ ഉടമസ്ഥർ വിമുഖത കാട്ടുന്നതിനാൽ നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്ന പദ്ധതിയും നടപ്പിലാക്കി. റിയൽ എസ്റ്റേറ്റ് ബിസിനസ്സിന്റെ ഭാഗമായി നെൽവയലുകൾ കുറഞ്ഞ വിലയ്ക്ക് വാങ്ങുകയും കൃഷി ചെയ്യുവാൻ അനുവദിക്കാത്ത സാഹചര്യങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. ഇത് നെൽകൃഷി ഭാവിയിൽ കുറയുവാൻ ഇടയാക്കും. ഇത് ഒഴിവാക്കുവാൻ ഒരു പരിധി വരെ റോയൽറ്റി നൽകുന്നതിലൂടെ കഴിയുന്നുണ്ട്.

| വർഷം | വിസ്തീർണം ഹെക്ടർ | ചെലവാക്കിയ തുക ലക്ഷം രൂപ |
|---|---|---|
| 2021-22 | 18905 .214 | 359 .82257 |
| 2022-23 | 26782 .279 | 427.85401 |

### 5. പാടശേഖരങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള ഫണ്ട്, നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്:

പാടശേഖരങ്ങളുടെ അടിസ്ഥാന സാകര്യവികസനം, പൊതു ആവശ്യങ്ങൾ, പൊതു ഞാറ്റടി, കാർഷിക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങി പാടശേഖര സമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള ഫണ്ട് അനുവദിച്ചു നൽകി കൃഷി നിലനിർത്തുവാനുള്ള പ്രവർത്തനവും നടത്തിയിട്ടുണ്ട്. 2023-24 വർഷത്തിൽ 66666.67 ഹെക്ടറിലേയ്ക്ക് 240.00 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു.

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിച്ചിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കായി ഹോണറേറിയം, സിറ്റിംഗ് ഫീസ് പ്രോജക്ടാധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 107.07375 ലക്ഷം രൂപ ചെലവഴിച്ചു .

### 6. കരനെൽകൃഷി

സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് കൈവരിക്കുന്നതിന്റെ ഭാഗമായി ഹെക്ടർ ഒന്നിന് 13600/- രൂപ നിരക്കിൽ ആനുകൂല്യം നൽകികൊണ്ട് കരനെൽകൃഷി നടപ്പിലാക്കി.

| വർഷം | വിസ്തീർണം ഹെക്ടർ | ചെലവാക്കിയ തുക ലക്ഷം രൂപ |
|---|---|---|

| | | |
|---|---|---|
| 2021-22 | 404 .041 | 54 .94955 |
| 2022-23 | 511.531 | 68 .05795 |

**7. പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷി** ഹെക്ടറൊന്നിനു 10000/-രൂപ നിരക്കിൽ ആനുകൂല്യം നൽകി.

| **വർഷം** | **വിസ്തീർണം ഹെക്ടർ** | **ചെലവാക്കിയ തുക ലക്ഷം രൂപ** |
|---|---|---|
| 2021-22 | 499.9995 | 49.99995 |
| 2022-23 | 617.7 | 56.2631 |

2023-24 വർഷത്തിൽ പ്രത്യേക നെല്ലിനങ്ങളുടെ കൃഷി 200 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 20.00 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കി വരുന്നു.

**8. ഓപ്പറേഷൻ ഡബിൾ കോൾ**

തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപ്പൂ കൃഷിയിറക്കുന്ന കോൾ പാടങ്ങളിൽ ഇരുപ്പൂ കൃഷി, ഒന്നാം വിള നെൽകൃഷിയ്ക്കു ശേഷം പയർ/ ചോളം/എണ്ണക്കുരു വിളകളുടെ കൃഷി, പമ്പുസെറ്റ് ഉൾപ്പെടെയുള്ള മെഷിനറി വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കി കോൾ മേഖലയിലെ നെൽകൃഷി വികസനത്തിന് വഴി തെളിച്ചു.

| **വർഷം** | **ചെലവാക്കിയ തുക** |
|---|---|
| 2021-22 | 124 .18147 ലക്ഷം രൂപ |
| 2022-23 | 11 .68871 ലക്ഷം രൂപ |

2023-24 വർഷത്തിൽ 50.00 ലക്ഷം രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്.

**9 . നെൽകൃഷിയ്ക്കു ആവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉൽപ്പാദിപ്പിച്ചു കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തൽപ്പാദക പദ്ധതി** നടപ്പിലാക്കുകയും കൃഷിഭവൻ വഴി വിതരണം നടത്തുകയും ചെയ്തു. 2023-24 സാമ്പത്തിക വർഷത്തിൽ 3000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 2021-22, 2022-23 വർഷങ്ങളിലായി 9562.05 ടൺ നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്. 2023-24 വർഷത്തെ വിത്ത് സംഭരണവും വിതരണവും പുരോഗമിക്കുന്നു.

**10. സംസ്ഥാനത്തെ പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നി പ്രദേശങ്ങളുടെ സമഗ്രമായ വികസനം** ലക്ഷ്യമാക്കി കൊണ്ട് കരി മേഖലയിൽ 29.17677

ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും , പൊക്കാളി മേഖലയിൽ 16.80857 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും കയ്പാട് മേഖലയിൽ 38.17311 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും ചേർത്ത് ആകെ 84.15845 ലക്ഷം രൂപ ചെലവഴിച്ചു.

11. പ്രളയാനന്തരം മണ്ണിനുണ്ടായ മാറ്റങ്ങൾ ക്രമീകരിക്കുന്നതിനായി **മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലന പദ്ധതിയിൽ** ഉൾപ്പെടുത്തി കുമ്മായത്തിനു ധനസഹായം നൽകി. 2023-24 സാമ്പത്തിക വർഷത്തിൽ ഇതിനായി 2660.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു.

<u>അനുബന്ധം II</u>

| ക്രമ നമ്പർ. | പദ്ധതി | ശീർഷകം | ബഡ്ജറ്റ് വിഹിതം |
|---|---|---|---|
| 1 | കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ | 2401-00-104-67 | 1200.00 |
| 2 | ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതികവിദ്യാ പിന്തുണയ്ക്കുമായുള്ള പദ്ധതി | 2401-00-109-56 | 650.00 |
| 3 | കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ/മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി | 2401-00-111-97 | 500.00 |
| 4 | നെല്ല് വികസനം | 2401-00-102-90 | 9510.00 |
| 5 | പച്ചക്കറി വികസനം | 2401-00-119-85 | 7045.00 |
| | പച്ചക്കറി വികസനം - വി.എഫ്.പി.സി.കെ ക്കുള്ള പിന്തുണ | 2401-00-119-81 | 2300.00 |
| 6 | നാളികേര വികസനം | 2401-00-103-87 | 6895.00 |
| 7 | സുഗന്ധ വ്യഞ്ജന വികസനം | 2401-00-108-59 | 460.00 |
| 8 | പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം | 2401-00-119-79 | 1892.00 |
| 9 | വിള വൈവിധ്യവൽക്കരണം | 2401-00-103-75 | 300.00 |
| 10 | മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനവും ഉൽപാദനക്ഷമത മെച്ചപ്പെടുത്തലും | 2401-00-800-28 | 550.00 |
| 11 | വിള ആരോഗ്യ പരിപാലനം | 2401-00-107-78 | 1300.00 |
| 12 | ജൈവ കൃഷിയും ഉത്തമ കൃഷി രീതികളും | 2401-00-105-85 | 600.00 |
| 13 | ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും ഡിപ്പാർട്ട്മെന്റൽ ഫാമുകളുടെ | 2401-00-104-91 | 1525.00 |
| | | 4401-00-104-98 | 200.00 |

| | | | |
|---|---|---|---|
| | മെച്ചപ്പെടുത്തലും | | |
| 14 | വകുപ്പുതല ലബോറട്ടറികളുടെ ആധുനീകരണം | 2401-00-105-86 | 400.00 |
| 15 | ഓഫീസ് ഓട്ടോമേഷനും ഐടി ഇൻഫ്രാസ്ട്രക്ചറും | 2401-00-001-86 | 575.00 |
| 16 | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | 2401-00-109-80 | 3028.00 |
| 17 | കാർഷിക വിവരവും വിനിമയവും | 2401-00-109-84 | 600.00 |
| 18 | മാനവ വിഭവശേഷി വികസനം | 2415-01-277-98 | 335.00 |
| 19 | ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം | 2401-00-113-83 | 1181.00 |
| | | 4401-00-113-98 | 800.00 |
| 20 | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി | 2401-00-110-82 | 3000.00 |
| 21 | പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗനിയന്ത്രണത്തിനുമുള്ള അടിയന്തിര പരിപാടി | 2401-00-800-91 | 750.00 |
| 22 | കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി | 2401-00-119-78 | 1700.00 |
| 23 | വിപണി വികസനം | 2435-01-800-99 | 1290.00 |
| 24 | വിലസ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ പിന്തുണ, കേരള ഫാംഫ്രഷ് - പഴം പച്ചക്കറി തറവില | 2435-01-101-85 | 2825.00 |
| 25 | വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും | 2435-01-800-94 | 2000.00 |
| 26 | കേരളസ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഇൻവെസ്റ്റ്മെന്റ്) | 4401-00-190-97 | 100.00 |
| 27 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ സഹായം | | |
| എ | ഗോഡൗൺ കം അഗ്രി കോംപ്ലക്സിന്റെ നിർമാണം | 4408-02-101-98 | 100.00 |
| ബി | കമ്പ്യൂട്ടറൈസേഷൻ | 2408-02-190-98 | 10.00 |

| | | | |
|---|---|---|---|
| 28 | RIDF പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യ വികസന ഫണ്ട് | 4435-01-101-97 | 1000.00 |
| 29 | കർഷക ക്ഷേമനിധി ബോർഡ് | 2401-00-109-76 | 100.00 |
| 30 | സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കുള്ള അന്താരാഷ്ട്ര ഗവേഷണ പരിശീലന കേന്ദ്രം (IRTCBSF), കുട്ടനാട് | 2415-01-004-88 | 25.00 |

*അനുബന്ധം-I*

## നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഘടകങ്ങളും കൈവരിച്ച നേട്ടങ്ങളും

**1 .** സംസ്ഥാനാവിഷ്കൃത പദ്ധതിയായ "നെൽകൃഷി വികസന പദ്ധതി " യിലെ ഘടകമായ ***സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ*** ഉൾപ്പെടുത്തി നെൽകൃഷിയ്ക്ക് അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് , വളം, ജൈവീക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/-രൂപ നൽകുന്നുണ്ട്. 2021-22 വർഷത്തിൽ 166997 ഹെക്ടറിൽ നെൽകൃഷി നടപ്പിലാക്കിയതിന് 9184.836 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ 67171 .89 ഹെക്ടറിൽ നെൽകൃഷി നടപ്പിലാക്കിയതിന് 3694.454 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ 90909.09 ഹെക്ടറിലേയ്ക്ക് 5000.00 ലക്ഷം രൂപ നീക്കിവച്ച കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.

### 2. തരിശു സ്ഥലം കൃഷി

തരിശു സ്ഥലങ്ങൾ കണ്ടെത്തി കൃഷി ചെയ്യിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുവാൻ പരമാവധി സ്ഥലങ്ങൾ കൃഷി ചെയ്യേണ്ടതാണ് എന്ന ബഹു. മുഖ്യമന്ത്രിയുടെ ആഹ്വാനം ഉൾക്കൊണ്ടു കൊണ്ട് ***സുഭിക്ഷ കേരളം പദ്ധതി*** പ്രകാരം വ്യക്തികൾ, ഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ തുടങ്ങി സമസ്ത മേഖലകളിലുമുള്ളവരെയും ഉൾപ്പെടുത്തി കൃഷി ചെയ്യുകയുണ്ടായി. ഇത്തരത്തിൽ തരിശു സ്ഥലങ്ങളിൽ കൃഷിയിറക്കിയതിന്റെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിസ്തീർണം ഹെക്ടർ | ചെലവാക്കിയ തുക ലക്ഷം രൂപ |
|---|---|---|
| 2021-22 | 748 .9205 | 299 .5682 |
| 2022-23 | 970.19185 | 318 .32185 |

2023-24 വർഷത്തിൽ 950 ഹെക്ടർ തരിശു ഭൂമിയിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 380.00 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരികയാണ്.

കാലാവസ്ഥാ മാറ്റം, നിയമപരവും നിയമവിരുദ്ധവുമായ നിലം പരിവർത്തനം മുതലായവ കൊണ്ട് ഈ തരിശുഭൂമിയിലെ കൃഷി തുടർന്ന് കൊണ്ടുപോകുവാൻ തടസ്സമുണ്ടാകുന്നത് ഒഴിവാക്കുവാൻ രണ്ടാം വർഷവും മൂന്നാം വർഷവും ധനസഹായം നൽകി കർഷകരെ നെൽകൃഷിയിൽ തന്നെ പിടിച്ചു നിർത്തുകയുണ്ടായി.

### 3. ഒരുപ്പൂ നിലങ്ങളെ ഇരുപ്പൂ നിലങ്ങളായി മാറ്റുക

പ്രാദേശികമായ വിവിധ കാരണങ്ങൾ / പ്രശ്നങ്ങൾ/ തടസ്സങ്ങൾ കൊണ്ട് ഒരുപ്പൂ മാത്രം കൃഷി ചെയ്തിരുന്ന വയലുകളിൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിക്കൊണ്ട് ഇരുപ്പൂ നിലങ്ങളായി മാറ്റുവാൻ വകുപ്പിന് കഴിഞ്ഞു. ഈ സർക്കാർ അധികാരമേറ്റ ശേഷം 2021-22 മുതൽ കൃഷി ഇറക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിസ്തീർണം | ചെലവാക്കിയ തുക ലക്ഷം രൂപ |
|---|---|---|
| 2021-22 | 496 .7 ഹെക്ടർ | 49 .67 |
| 2022-23 | 338 .6 ഹെക്ടർ | 32 .628 |

### 4. നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി

നെൽകൃഷി ചെയ്യുന്നതിന് വയൽ വിട്ടു കൊടുക്കുവാൻ ഉടമസ്ഥർ വിമുഖത കാട്ടുന്നതിനാൽ നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്ന പദ്ധതിയും നടപ്പിലാക്കി. റിയൽ എസ്റ്റേറ്റ് ബിസിനസ്സിന്റെ ഭാഗമായി നെൽവയലുകൾ കുറഞ്ഞ വിലയ്ക്ക് വാങ്ങുകയും കൃഷി ചെയ്യുവാൻ അനുവദിക്കാത്ത സാഹചര്യങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. ഇത് നെൽകൃഷി ഭാവിയിൽ കുറയുവാൻ ഇടയാക്കും. ഇത് ഒഴിവാക്കുവാൻ ഒരു പരിധി വരെ റോയൽറ്റി നൽകുന്നതിലൂടെ കഴിയുന്നുണ്ട്.

| വർഷം | വിസ്തീർണം ഹെക്ടർ | ചെലവാക്കിയ തുക ലക്ഷം രൂപ |
|---|---|---|
| 2021-22 | 18905 .214 | 359 .82257 |
| 2022-23 | 26782 .279 | 427.85401 |

### 5. പാടശേഖരങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള ഫണ്ട്, നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്:

പാടശേഖരങ്ങളുടെ അടിസ്ഥാന സാകര്യവികസനം, പൊതു ആവശ്യങ്ങൾ, പൊതു ഞാറ്റടി, കാർഷിക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങി പാടശേഖര സമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള ഫണ്ട് അനുവദിച്ചു നൽകി കൃഷി നിലനിർത്തുവാനുള്ള പ്രവർത്തനവും നടത്തിയിട്ടുണ്ട്. 2023-24 വർഷത്തിൽ 66666.67 ഹെക്ടറിലേയ്ക്ക് 240.00 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു.

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിച്ചിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കായി ഹോണറേറിയം, സിറ്റിംഗ് ഫീസ് പ്രോജക്ടാധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 107.07375 ലക്ഷം രൂപ ചെലവഴിച്ചു .

### 6. കരനെൽകൃഷി

സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് കൈവരിക്കുന്നതിന്റെ ഭാഗമായി ഹെക്ടർ ഒന്നിന് 13600/- രൂപ നിരക്കിൽ ആനുകൂല്യം നൽകികൊണ്ട് കരനെൽകൃഷി നടപ്പിലാക്കി.

| വർഷം | വിസ്തീർണം ഹെക്ടർ | ചെലവാക്കിയ തുക ലക്ഷം രൂപ |
|---|---|---|

| | | |
|---|---|---|
| | | |
| 2021-22 | 404 .041 | 54 .94955 |
| 2022-23 | 511.531 | 68 .05795 |

**7. പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷി** ഹെക്ടറൊന്നിനു 10000/-രൂപ നിരക്കിൽ ആനുകൂല്യം നൽകി.

| വർഷം | വിസ്തീർണം ഹെക്ടർ | ചെലവാക്കിയ തുക ലക്ഷം രൂപ |
|---|---|---|
| 2021-22 | 499.9995 | 49.99995 |
| 2022-23 | 617.7 | 56.2631 |

2023-24 വർഷത്തിൽ പ്രത്യേക നെല്ലിനങ്ങളുടെ കൃഷി 200 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 20.00 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കി വരുന്നു.

**8. ഓപ്പറേഷൻ ഡബിൾ കോൾ**

തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപ്പൂ കൃഷിയിറക്കുന്ന കോൾ പാടങ്ങളിൽ ഇരുപ്പൂ കൃഷി, ഒന്നാം വിള നെൽകൃഷിയ്ക്കു ശേഷം പയർ/ ചോളം/എണ്ണക്കുരു വിളകളുടെ കൃഷി, പമ്പുസെറ്റ് ഉൾപ്പെടെയുള്ള മെഷിനറി വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ളൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കി കോൾ മേഖലയിലെ നെൽകൃഷി വികസനത്തിന് വഴി തെളിച്ചു.

| വർഷം | ചെലവാക്കിയ തുക |
|---|---|
| 2021-22 | 124 .18147 ലക്ഷം രൂപ |
| 2022-23 | 11 .68871 ലക്ഷം രൂപ |

2023-24 വർഷത്തിൽ 50.00 ലക്ഷം രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്.

**9 . നെൽകൃഷിയ്ക്കു ആവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉൽപ്പാദിപ്പിച്ചു കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തൽപ്പാദക പദ്ധതി** നടപ്പിലാക്കുകയും കൃഷിഭവൻ വഴി വിതരണം നടത്തുകയും ചെയ്തു. 2023-24 സാമ്പത്തിക വർഷത്തിൽ 3000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 2021-22, 2022-23 വർഷങ്ങളിലായി 9562.05 ടൺ നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്. 2023-24 വർഷത്തെ വിത്ത് സംഭരണവും വിതരണവും പുരോഗമിക്കുന്നു.

**10. സംസ്ഥാനത്തെ പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നി പ്രദേശങ്ങളുടെ സമഗ്രമായ വികസനം** ലക്ഷ്യമാക്കി കൊണ്ട് കരി മേഖലയിൽ 29.17677

ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും , പൊക്കാളി മേഖലയിൽ 16.80857 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും കയ്യാട് മേഖലയിൽ 38.17311 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും ചേർത്ത് ആകെ 84.15845 ലക്ഷം രൂപ ചെലവഴിച്ചു.

11. പ്രളയാനന്തരം മണ്ണിനുണ്ടായ മാറ്റങ്ങൾ ക്രമീകരിക്കുന്നതിനായി **മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലന പദ്ധതിയിൽ** ഉൾപ്പെടുത്തി കുമ്മായത്തിനു ധനസഹായം നൽകി. 2023-24 സാമ്പത്തിക വർഷത്തിൽ ഇതിനായി 2660.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു.